With Best Compliments From

# SARVODAYA HOSPITAL & TRAUMA CENTRE

342, Sector-4, Vaishali, Ghaziabad, Ph.: 0120-2774739, 0120-2774821, 4128589

25 BEDDED MULTI SPECIALITY HOSPITAL

WITH 24 HRS. EMERGENCY,

CHEMIST, SHOP, AMBULANCE & CANTEEN FACILITIES

| | |
|---|---|
| OPD ALL Specialities | Beds, Deluxe, Pvt. Ac., Pvt. S.Pvt., GW |
| ICU, Nursery | Laproscopic Surgery |
| Treatment of Fractures | Orthopaedic Surgery |
| Maternity & Gynae Surgery | Eye, ENT, Plastic, Uro, Surgery |
| Path. LAB with Auto Analyser | X-ray, Ultra Sound |
| Physio Therapy | ECG |

Transparency is Our Quality

A Better Tomorrow with Unity, Co-operation and Brotherhood ...




MESSAGE

# ഓണാശംകൾ

- അകവൂർ നാരായണൻ



ഓണം! സമൃദ്ധിയുടെയും സന്തോഷത്തിന്റെയും സമത്വത്തിന്റെയും ഉൻമേഷത്തിന്റെയും ഉല്ലാസത്തിന്റെയും ഉത്സവമായി സകലമലയാളികളും, ദേശഭേദമെന്യേ ജാതിമതാതീതബന്ധുരമായ മനോഭാവത്തോടെ ആഘോഷിക്കുന്ന ദേശീയോത്സവം! 'മാനുഷരെല്ലാമൊന്നുപോലെ, കള്ളവും ചതിയുമില്ലാതെ, എള്ളോളം പോലും പൊളിവചനമില്ലാതെ, ഏകദോരസഹോദരൻമാരായി, അല്ലലും അലട്ടലും ഏതുമില്ലാതെ ജീവിച്ചിരുന്ന ആ സുവർണ്ണകാലത്തിന്റെ സ്വപ്നം അയവിറക്കുകയാണ് സത്യത്തിൽ മലയാളികൾ ചെയ്യുന്നത്. ഇങ്ങനെ നഷ്ടസ്വർഗ്ഗ സ്മരണകൾ കൊണ്ട് സങ്കൽപ്പ വായുവിമാനത്തിൽ സഞ്ചരിക്കുക്കുന്ന സമ്പ്രദായത്തെ അമേരിക്കയിലും മറ്റു രാജ്യങ്ങഴളിലും ഉണ്ട് എന്ന് അഭിജ്ഞൻമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പരുപരുത്ത, കയ്പ്പേറിയ ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്ന് ഇങ്ങനെ ഒളിച്ചോടി ഭൂതകാലാകാശവീഥിയിൽ സ്വൈരവിഹാരം നടത്തുവാൻ ഏതു ജനത ഇന്നുണ്ട്, ആഗ്രഹവും അവകാശവും. അതാണ് മലയാളികളുടെ ഓണാഘോഷത്തിന്റെ പിന്നിലുള്ള അർത്ഥവും അന്തരവും.

പണ്ടുകാലത്ത് തമിഴ്നാട്ടിലും ഓണം ആഘോഷിച്ചിരുന്നത്രേ (വിവിധഭാഷാപണ്ഡിതനായ എൻ.വി കൃഷ്ണവാരിയരുടെ കലോത്സവം എന്ന ഗ്രന്ഥം നോക്കുക). എല്ലാ നിലക്കും "തമഃകൃത്സന കച" കള്ളക്കർക്കിടകം കഴിഞ്ഞ് മാനം തെളിഞ്ഞ്, മഴക്കാറ് നീങ്ങുന്ന ശരൽക്കാലം പുഞ്ചിരിപ്രഭ തൂകുന്ന ചിങ്ങ മാസത്തിലാണല്ലോ മലയാളികളുടെ ഓണം. പ്രകൃതിപോലും പ്രസാദിച്ചിരിക്കുന്ന ഈ കാലത്താണ് നമ്മുടെ കൊയ്ത്തും. ആദ്യകാലത്തൊക്കെ ഒരു കൊയ്ത്തുത്സവം കൂടിയായിരുന്നിരിക്കാം ഓണാഘോഷം. നെ ൽക്കതിർ ഭവനങ്ങളിൽ പതിക്കലും പുത്തരിച്ചോറുണ്ണലും മറ്റും ഇതിന്റെ ഭാഗവും തെളിവും ആണല്ലോ.

എന്നാൽ ഓണത്തെക്കുറിച്ച് നമ്മുടെ ഇടയിൽ കാലാകാലമായി നിലനിൽക്കുന്ന ഐതിഹ്യം മറ്റൊന്നാണ്. കേരളം ഭരിച്ചിരുന്ന മഹാബലിയുടെ പ്രശസ്തിയിൽ അസൂയാലുക്കളായ ദേവന്മാർ നിവേദനം നടത്തിയതിന്റെ ഫലമായി മഹാവിഷ്ണു വാമനായി അവതരിച്ചു എന്നും അദ്ദേഹം മഹാബലിചക്രവർത്തിയോട് മൂന്നടി മണ്ണ് യാചിച്ചു എന്നും മൂന്നാം പാദം വയ്ക്കുവാൻ സ്വന്തം തല കാണിച്ച മഹാബലിയെ ചവുട്ടിത്താഴ്ത്തി പാതാളത്തിലേക്ക് അയച്ചു എന്നും കൊല്ലത്തിലൊരിക്കൽ തന്റെ പണ്ടത്തെ പ്രജകളെ കാണാൻ അനുവദിച്ചു എന്നും അദ്ദേഹം മഹാബലി ചക്രവർത്തിയെ മലയാളികൾ സ്വീകരിക്കുന്നതിന്റെ ആഘോഷമാണ് ഓണം എന്നുമാണല്ലോ നമ്മുടെ പരമ്പരാഗതമായ കഥ. ഇതിൽ അനവധി അസാംഗത്യങ്ങളും അനുതാപപത്തികളും ഉണ്ട്. കാരണം മഹാദാനശീലനായ സത്യനിഷ്ഠനായ മഹാബലിയെ സ്വർഗ്ഗത്തെക്കാൾ വിശിഷ്ടവും ശ്രേഷ്ഠവുമായ 'സുതലം' എന്ന ലോകത്തിലേക്ക് അയച്ചു അനുഗ്രഹിച്ചിരിക്കുകയാണ് മഹാവിഷ്ണു ചെയ്തത് എന്നാണ് ഭാഗവതത്തിലെ കഥ. വളരെ നീചവും വികൃതവുമായ ഒരു മനസ്സി ൽ നിന്നാണ്, ഈ ഐതിഹ്യകഥയുടെ ഉത്ഭവം. മാത്രമല്ല, പരശുരാമൻ സൃഷ്ടിച്ചു എന്നോ വീണ്ടെടുത്തു എന്നോ പറയുന്ന കേരളം, എത്രയോ, പണ്ടു ജീവിച്ച മഹാബലി എങ്ങനെ ഭരിക്കും? മഹാബലി ചക്രവർത്തി കേരളം ഭരിച്ചു എന്ന് ഒരു പുരാണത്തിലും പറയുന്നില്ല. എന്നല്ല, കേരളത്തിൽ വന്നിട്ടുള്ളതിനുപോലും തെളിവില്ല.

മാവേലി എന്ന നാട്ടുപ്രമാണി അഥവാ പ്രഭു വേറെ, മഹാബലി എന്ന അസുരചക്രവർത്തി വേറെ എന്ന് വിചാരിക്കുന്നതാണ് കൂടുതൽ യുക്തിസഹം. സ്ഥാനഭ്രഷ്ടനായ മുൻ ഭരണാധികാരികളുടെ വരവിനെ സ്വാഗതം ചെയ്യുന്ന ഉത്സവമാണ് ഓണം എന്നു കരുതുന്നത് നാണക്കേടാണ്. ആദ്യം പറഞ്ഞപോലെ, "മാവേലിനാടുവാണ" ആ നല്ല കാലത്തെ അനുസ്മരിക്കുന്നതാണ് എന്നുവിചാരിക്കുകയല്ലേ കൂടുതൽ ഭംഗി.

മറ്റൊന്ന് ഓണത്തപ്പൻ അഥവാ തൃക്കാക്കരയപ്പൻ നമ്മൾ പരക്കെ വിശ്വസിക്കുന്നതുപോല മഹാവിഷ്ണുവല്ല എന്നു വിശ്വസിക്കുവാനാണ് ന്യായം. തൃക്കാക്കരപ്പൻ ശിവനാണ് എന്ന് അറിവുള്ളവർ പലരും പറഞ്ഞിട്ടുണ്ട്. മണ്ണുകൊണ്ടുള്ള തൃക്കാക്കരപ്പനെയും മാകത്തടിയിയന്റെയും മറ്റും പ്രതിബിംബങ്ങളെല്ലാം തന്നെ ശിവലിംഗത്തെയാണ് അനുസ്മരിക്കുന്നത്. നമ്മുടെ ഓണാഘോഷം വാമനാവതാരത്തിന്റെ ആഘോഷമാണ് എന്ന പണ്ഡിതാഭിപ്രായത്തിനാണ് വില കല്പിക്കുവാൻ തോന്നുന്നത്.

ഓണം പോലെ മതനിരപേക്ഷമായ ഉത്സവങ്ങൾ ലോകത്തിൽ തന്നെ അത്യപൂർവമാണ്. മതേതരം എന്ന് ആധുനിക ഭാഷയിൽ പറയുന്ന ദേശീയോത്സവമാണ് മലയാളികളുടെ ഓണാഘോഷം. ഇംഗ്ലീഷിൽ ' നൊസ്റ്റാൾജിയ' എന്നു പറയുന്ന, നഷ്ട സ്വർഗ്ഗത്തിന്റെ ദുഃഖാതുരസ്മരണയാണ്. ഒരു നിലയ്ക്ക് മനുഷ്യമനസിനെ സ്വപ്നമായ കാവ്യലോകത്തിലേക്ക് ഉയർത്തുന്നതും, മനുഷ്യന്റെ സ്വർഗ്ഗത്തിന്റെ ദുഃഖസ്മരണയാണ് ഒരു നിലയ്ക്ക് മനുഷ്യമനസ്സിലേക്ക് ഉയ ർത്തുന്നതും മനുഷ്യന്റെ സർഗ്ഗാത്മക ശക്തികളെ പ്രചോദിപ്പിക്കുന്നതും അത്തരം നഷ്ടസ്വർഗ്ഗസ്മരണകളിൽ നിന്ന് നമുക്ക് പുതിയ ഊർജജവും ചൈതന്യവും ഉൾക്കൊള്ളാം. സ്വപ്നം കാണുന്നത് ഒരു മഹാപാപമല്ലാത്തിടത്തോളം കാലം, നമുക്ക് സ്വപ്നം കാണാം. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമാണല്ലോ ഓണം തരുന്നത്. ഓണസദ്യയും, ഓണപ്പുടവയും, ഓണക്കളികളുമെല്ലാം നമ്മെ 'ഇന്നിന്റെ' നരകത്തിൽ നിന്ന് 'ഇന്നലെ'യുടെ സ്വർഗ്ഗ ത്തിലേക്ക്, താൽക്കാലികമെങ്കിലും, ഉയർത്തുന്നു. അങ്ങനെ നമുക്ക് വർത്തമാനത്തിന്റെ പാഴ്ക്കുണ്ടിൽ നിന്ന് ഭൂതകാലമഹാമേരുവിന്റെ പുണ്യശൃംഗത്തിൽ വിഹരിക്കാം!

നിങ്ങൾക്കെല്ലാം അകം നിറഞ്ഞ ഓണാശംസകൾ!